പടയമംഗലം മണ്ഡലത്തിലെ ഇലക്ട്രിസിറ്റി ബോർഡ് ഓഫീസുകളിലെ അപ്ഗ്രഡേഷൻ നടപടികൾ

38 (6489) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പടയമംഗലം മണ്ഡലത്തിന്റെ പരിധിയിലുള്ള ഇലക്ട്രിസിറ്റി ബോർഡ് ഓഫീസുകളിൽ ഏതെങ്കിലും തരത്തിലുള്ള അപ്ഗ്രഡേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആയതിനായുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

സബ് സ്റ്റേഷനുകളുടെ നവീകരണപ്രവർത്തനങ്ങൾ

39 (6490) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര സബ്സ്റ്റേഷനുകൾ ഉണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സബ് സ്റ്റേഷനുകളുടെ നവീകരണപ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(സി) സബ് സ്റ്റേഷനുകളുടെ നവീകരണം പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന ഊർജ്ജനഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 368.

(ബി) താഴെപ്പറയുന്ന 66 കെ.വി. സബ് സ്റ്റേഷനുകളുടെ വോൾട്ടത 110 കെ.വി. യായി ഉയർത്തുന്നതിനുള്ള നവീകരണങ്ങൾ നടത്തിയിട്ടുണ്ട്.

1. കിഴക്കനാവം.
2. കാട്ടൂർ.
3. കൂടൽ.

ടി. കാവയളവിൽ നിലവിലുള്ള 46 സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമർശേഷി വർദ്ധിപ്പിച്ചു.

(സി) സാങ്കേതിക പഠനം നടത്തി സബ് സ്റ്റേഷനുകളുടെ വോൾട്ടത ഉയർത്തൽ, ശേഷിവർദ്ധിപ്പിക്കൽ എന്നിവ ആവശ്യമാണെന്ന് കാണുന്ന സന്ദർഭങ്ങളിൽ അവ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly